കമാൻറ് ഏരിയ ഡവലപ്പ്മെൻറ് അനുസരിച്ച് സർക്കാർ ഏറ്റെടുക്കുന്ന പദ്ധതികൾ

1170. [1774] ശ്രീമതി കെ. ആർ. ഗൗരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും ജലസേചനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കമാൻറ് ഏരിയ ഡവലപ്പുമെൻറിനെ സംബന്ധിക്കുന്ന ഏതെല്ലാം പണികളാണ് ഈ സർക്കാർ ഏറ്റെടുത്തിട്ടുള്ളത് ;

(ബി) പ്രസ്തുത പണികൾക്കായി ഇതിനകം എന്തു തുക ചെലവഴിച്ചു ;

(സി) ഓരോ വർഷവും ചെലവഴിച്ച സംഖ്യ എത്ര ?

ഉത്തരം

(എ) കമാൻറ് ഏരിയ ഡവലപ്പ്മെൻറ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള മലമ്പുഴ, വാളയാർ, ഗായത്രി, മംഗലം, പോത്തുണ്ടി, ചീരക്കുഴി, വാഴാനി, ചാലക്കുടി, പീച്ചി, നെയ്യാർ എന്നീ പത്തു ജലസേചന പദ്ധതികളുടെ ആയക്കെട്ടുകളുടെ സമഗ്രവികസനത്തിനുവേണ്ടി താഴെ പറയുന്ന പണികളാണ് ഈ സർക്കാർ ഏറ്റെടുത്തിട്ടുള്ളത്. ഭൂമി നിരപ്പാക്കുകയും രൂപപ്പെടുത്തുകയും ചെയ്യുക, കൃഷിസ്ഥലത്ത് ചാലുകൾ നിർമ്മിക്കുക, ഭൂഗർഭ ജലവികസനം നടപ്പിലാക്കുക, ഫീൽഡു ചാനലുകൾ നിർമ്മിക്കുക, റോഡുകൾ ഓവുചാലുകൾ നിർമ്മിക്കുക, വാരബന്ധി നടപ്പിൽ വരുത്തി ഓരോ കൃഷിസ്ഥലത്തും തുല്യമായ ജലസേചന സൗകര്യം ലഭ്യമാക്കുക, വിത്തുകൾ വളങ്ങൾ, കീടനാശിനികൾ മുതലായവ വിതരണം ചെയ്യുക, കർഷകർക്ക് വായ്പയുൾപ്പെടെയുള്ള സേവനങ്ങൾ നല്കുക, പ്രത്യേക ഫാം പ്ലാനുകൾ നിർമ്മിക്കുക, വിവിധ തരത്തിലുള്ള കൃഷി, മണ്ണുസംരക്ഷണം, മരംവച്ചു പിടിക്കൽ മുതലായവ നടത്തുക എന്നീ ജോലികളാണ് കമാൻറ് ഏരിയാ ഡവലപ്പ്മെൻറ് പദ്ധതിയിൻ കീഴിൽ ഉൾപ്പെടുത്തി ചെയ്യുന്നത്. അവയിൽ ഭൂസർവെ നടത്തി ഫീൽഡ് ചാനലുകൾ നിർമ്മിക്കുക ജോലിയും കർഷക സംഘടനകൾ ഉണ്ടാക്കി കർഷകർക്ക് കൃഷിരീതിയിൽ പരിശീലനം നല്കുന്ന ജോലിയും മാത്രമേ ഇപ്പോൾ ആരംഭിച്ചിട്ടുള്ളൂ.

(ബി) പ്രസ്തുത പണികൾക്കായി 144.35 ലക്ഷം രൂപ ഇതിനകം ചെലവഴിക്കുകയുണ്ടായി. (എസ്റ്റാബ്ലിഷ്മെൻറ് ചെലവുകൾ ഒഴികെ)

(സി) ഓരോ വർഷവും ചെലവഴിച്ച സംഖ്യ ഇപ്രകാരമാണ്.

1983-84—1.75 ലക്ഷം
1984-85— ..
1985-86—87 ലക്ഷം
1986-87—55.60 ,,
(സെപ്റ്റംബർ 30, 1986) വരെ

പമ്പാ, കുറിയാടി,, പെരിയാർ, ചിറ്റൂർപുഴ എന്നീ പദ്ധതികൾ

1171. [1775] ശ്രീമതി കെ. ആർ. ഗൗരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും ജലസേചനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പമ്പ, കുറിയാടി, പെരിയാർ, ചിറ്റൂർപുഴ എന്നീ പദ്ധതികളുടെ പണി ഏതു സ്റ്റേജിലിരിക്കുന്നു ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇതിനുവേണ്ടി ആകെ ചെലവഴിച്ച തുക എത്ര ;

(സി) ഓരോന്നിനും ചെലവഴിച്ച തുക എത്ര വീതം ;

ഉത്തരം

(എ) പമ്പാ, കുറിയാടി, പെരിയാർവാലി, ചിറ്റൂർപുഴ എന്നീ പദ്ധതികളുടെ പണി ഏഴും പദ്ധതിക്കാലത്ത് പൂർത്തിയാക്കണമെന്നുള്ളതാണ് പരിപാടി. പമ്പാ (കവിയൂർ ബ്രാഞ്ച് ഒഴികെ) ചിറ്റൂർപുഴ, മീനാക്ഷിപുരം (ലിഫ്റ്റ് ഇറിഗേഷൻ ഒഴികെ), കുറിയാടി എന്നീ പദ്ധതികളും 1986-87-ൽ പൂർത്തിയാക്കാൻ തീരുമാനിച്ചിട്ടുണ്ട്. പെരിയാർ നദീതടപദ്ധതി 1987-88-ൽ പൂർത്തീകരിക്കാനാണ് ഉദ്ദേശിച്ചിട്ടുള്ളത്.

(ബി) 1986 സെപ്റ്റംബർ വരെ 16879 ലക്ഷം രൂപയാണ്.

(സി) ഓരോന്നിനും ചെലവഴിച്ച തുക താഴെ പറയും പ്രകാരമാണ്.

1986 സെപ്റ്റംബർ വരെ ചെലവായ തുക

പമ്പാ—5253 ലക്ഷം രൂപ
കുറിയാടി—4943 ലക്ഷം രൂപ
പെരിയാർവാലി—5096 ലക്ഷം രൂപ
ചിറ്റൂർപുഴ—1587 ലക്ഷം രൂപ

സംസ്ഥാനത്തെ മണ്ണൊലിപ്പു കെടുതി

1172. [1776] ശ്രീമതി കെ. ആർ. ഗൗരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1982-ന് ശേഷം സംസ്ഥാനത്ത് എത്ര ഹെക്ടർ സ്ഥലം മണ്ണൊലിപ്പിന്റെ കെടുതിയിൽപ്പെട്ടിട്ടുണ്ട് ;

(ബി) മണ്ണൊലിപ്പിന്റെ ഭീഷണിയെ തടയുന്നതിന് എന്തെല്ലാം നടപടികളാണ് ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സ്വീകരിച്ചിട്ടുള്ളത്?

ഉത്തരം

(എ) കണക്കാക്കപ്പെട്ടിട്ടില്ല.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 1198.93 ലക്ഷം രൂപ ചെലവാക്കി. 15831 ഹെക്ടർ പ്രദേശത്ത് താഴെപ്പറയുന്ന മണ്ണ് സംരക്ഷണ പദ്ധതികളും നടപ്പിലാക്കി മണ്ണൊലിപ്പിന്റെ ഭീഷണിയെ തടയുന്നതിനുള്ള നടപടികളും സ്വീകരിച്ചു :—

1. കൃഷിയോഗ്യ നിലങ്ങളിലെ മണ്ണു-ജല സംരക്ഷണം.
2. വെള്ളം കെട്ടിക്കിടക്കുന്ന പ്രദേശങ്ങൾ നികത്തി എടുക്കൽ.
3. ഇടുക്കി തുടങ്ങിയ നദീതട പദ്ധതികളിടെ ജലസംഭരണ പ്രദേശങ്ങളിലെ മണ്ണു സംരക്ഷണം.
4. ജലസേചന പ്രദേശങ്ങളിലെ മണ്ണു സംരക്ഷണം.
5. ബാങ്കു വായ്പ ഉപയോഗിച്ചുള്ള കൃഷി പ്രദേശങ്ങളിൽ മണ്ണു സംരക്ഷണവും സംയോജിത വികസനവും.

LIBRARY ARCHIVES Kerala Legislative Assembly